അപ്പന്റിക്സ് എച്ച്.4

# കൊല്ലം ജില്ലാ മെഡിക്കലാഫീസറുടെ (ആരോഗ്യം) നടപടിക്രമം

വിഷയം:- ആരോഗ്യവകുപ്പ് - വിജിലൻസ് -നിലമേൽ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ആയ ശ്രീമതി.ഷംല.കെ.എം-ന് എതിരെയുള്ള അച്ചടക്ക നടപടി- തീർപ്പാക്കി കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1) എ4-4185/24/ജി.മെ.ആ (ആരോഗ്യം), കൊല്ലം എന്ന നമ്പർ പ്രകാരമുള്ള ഫയൽ
2) കുറ്റാരോപണ മെമ്മോ എ6/287/25/ജി.മെ.ആ (ആരോഗ്യം), കൊല്ലം, തീയതി. 28.06.2025
3) ശ്രീമതി.ഷംല.കെ.എം, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് സമർപ്പിച്ച മറുപടി തീയതി 08.07.2025
4) കത്ത് നം. സി3/508/2024/ആരോഗ്യ കുടുംബക്ഷേമ വകുപ്പ് തീയതി. 17.12.2024
5) Minutes of the meeting convened by Additional Chief Secretary, Health & Family Department 29.11.2024
6) കാരണം കാണിക്കൽ നോട്ടീസ് എ6-287/25/ജി.മെ.ആ (ആരോഗ്യം), കൊല്ലം തീയതി. 23.07.2025
7) കത്ത് നം.എ6-287/25/ജി.മെ.ആ (ആരോഗ്യം), കൊല്ലം,തീയതി. 06.01.2026

## ഉത്തരവ് നം.എ6/287/2025/ജി.മെ.ആ,(ആരോഗ്യം),കൊല്ലം/തീയതി. 18.03.2026

ശ്രീമതി.ഷംല.കെ.എം, ജൂനിയർ പബ്ലിക് ഹെൽത്ത്നഴ്സ്, നിലമേൽ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ജോലി ചെയ്യവേ 20.02.2025 തീയതി മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നു. ടിയാൾ ശൂന്യവേതനാവധിയിൽ തുടരവേ ജോലിയിൽ തിരികെ പ്രവേശിക്കാൻ അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാളെ ജോലിയിൽ തിരികെ പ്രവേശിപ്പിക്കുകയും 19.02.2025 തീയതിയിൽ ജോലിയിൽ പ്രവേശിച്ച ടിയാൻ 20.02.2025 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന കുറ്റത്തിന് പരാമർശം (2) പ്രകാരം ടിയാൾക്കെതിരെ കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. കുറ്റാരോപണ മെമ്മോയ്ക്ക് പരാമർശം (3) പ്രകാരം ടിയാൻ പ്രതിവാദ പത്രിക സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രതിവാദ പത്രികയിൽ ടിയാൻ ജോലിയിൽ നിന്ന് രാജിവയ്ക്കുന്നതായി റിപ്പോർട്ട് ചെയ്തിരുന്നു. 08.11.2019 തീയതിയിൽ സർവ്വീസിൽ പ്രവേശിച്ച ടിയാന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ല.

പ്രൊബേഷൻ കാലയളവ് പൂർത്തിയാക്കാതെ അനധികൃതാവധിയിൽ തുടരുന്ന ജീവനക്കാർ (പ്രൊബേഷൻ പൂർത്തിയാക്കാതെ രാജി സമർപ്പിച്ചവർ) ഉണ്ടെങ്കിൽ നോട്ടീസ് നൽകി പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (4) (5) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ടിയാൻ പ്രൊബേഷൻ കാലാവധിക്കുള്ളിൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിനാൽ 1958-ലെ സ്റ്റേറ്റ് ആൻറ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം ടിയാന്റെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനും താൽക്കാലികമായി തീരുമാനിച്ച് പരാമർശം (6) പ്രകാരം നൽകിയ കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റിയിരുന്നുവെങ്കിലും യാതൊരു പ്രതികരണവും ഉണ്ടായിട്ടില്ല. തുടർന്ന് പരാമർശം (7) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് വിൻഡോ മാതൃകയിൽ പത്രമാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ചുവെങ്കിലും ടിയാളിൽ നിന്നും യാതൊരു പ്രതികരണവും ഉണ്ടായിട്ടില്ല.

മേൽ സാഹചര്യത്തിൽ ശ്രീമതി.ഷംല.കെ.എം ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് സാമൂഹികാരോഗ്യകേന്ദ്രം നിലമേൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന 20.02.2025 തീയതി മുതൽ സർവ്വീസിൽ നിന്നും നീക്കം ചെയ്തു കൊണ്ടുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

ഡോ.ഷീജ.എ.എൽ
ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കൊല്ലം

നേർ പകർപ്പ് :-
ശ്രീമതി.ഷംല,കെ.എം
ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്
സാമൂഹികാരോഗ്യകേന്ദ്രം, നിലമേൽ